ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. അതു് കഴിഞ്ഞ ബഡ്ജറ്റ് വിമർശനവേളയിൽ പ്രസ്താവിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജോർജ്ജ് : പുതുക്കിയ പ്ലാൻ അനുസരിച്ചു് എത്ര പേക്കു് തൊഴിലുകൊടുക്കാൻ സാധിക്കുമെന്നു് കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. 137 കോടി രൂപയനുസരിച്ചു് ഉള്ള കണക്കെടുത്തിട്ടുണ്ടു്. അതു് അനുസരിച്ചു് 75 കോടി രൂപയുടെ പ്ലാനിൻപ്രകാരം എത്രപേക്കു് തൊഴിലുകൊടുക്കാൻ സാധിക്കുമെന്നു് കണക്കെടുത്തിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : 75 കോടി രൂപയുടെ കണക്കു് അനുസരിച്ചു് തൊഴിലില്ലായ്മ കുറയുമെന്നു് പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഒരു കണക്കെടുക്കാത്തതുകൊണ്ടു് തൊഴിലില്ലായ്മ കുറയുമെന്നു് ഉദ്ദേശിക്കുന്നില്ല.

SHRI P. S. NATARAJA PILLAI : May I know whether there is any absolute figure for the total number of unemployed in 1952.

SHRI PANAMPILLI GOVINDA MENON : No, Sir.

അക്രഡിറ്റേഷൻ കമ്മിറ്റി.

* 667. [3] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സ്റ്റേറ്റിൽ വക്കിംഗ് ജേർണലിസ്റ്റുകൾക്കും പത്രമുടമകൾക്കും തുല്യപ്രാധാന്യമുള്ള ഒരു അക്രഡിറ്റേഷൻ കമ്മിറ്റിയെ നിയമിക്കണമെന്നു് വക്കിംഗ് ജർണലിസ്റ്റ് അസോസിയേഷനിൽ നിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഈ സ്റ്റേറ്റിൽ വക്കിംഗ് ജേർണലിസ്റ്റുകൾക്കും പത്രമുടമകൾക്കും തുല്യപ്രാധാന്യമുള്ള ഒരു അക്രഡിറ്റേഷൻ കമ്മിറ്റിയെ നിയമിക്കണമെന്നു് വക്കിംഗ് ജേർണലിസ്റ്റ് അസോസിയേഷനിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടു്.

(ബി) കേന്ദ്രഗവണ്മെൻറിൽനിന്നും നിയമിച്ചിട്ടുള്ള അക്രെഡിറ്റേഷൻ കമ്മിറ്റിയുടെ മാതൃകയിൽ ഒരു കമ്മിറ്റി നിയമിക്കണമെന്നു് ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. പി. ഗോപാലൻ : ഇതിൽ മെംബറന്മാർ ആരെല്ലാമാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കേന്ദ്രഗവണ്മെൻറ് രൂപീകരിച്ചിട്ടുള്ളതിൻറെ മാതൃകയിൽ ഒരു കമ്മിറ്റി ഇവിടെ രൂപീകരിക്കണമെന്നു് ഉദ്ദേശിക്കുന്നു എന്നാണു പറഞ്ഞതു്. അതിൽ മെംബറന്മാർ ആരെല്ലാമായിരിക്കുമെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജാർജ്ജ് : അതിനുമുമ്പുതന്നെ പല ആളുകളെയും ഇതിൽ മെംബറന്മാരാക്കുന്നതിനുവേണ്ടി പബ്ലിക്കറിലേഷൻസ് ഡയറക്ടർ ശുപാർശചെയ്തതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയൊന്നും ചെയ്തിട്ടില്ല.

ശ്രീ. കെ. എം. ജാർജ്ജ് : അഞ്ചുകൊല്ലമെങ്കിലും പത്രപ്രവർത്തനം നടത്തിയിട്ടുള്ളവരെ മാത്രമേ ഇതിൽ മെംബറന്മാരാക്കാവൂ എന്നു് കേന്ദ്രഗവണ്മെൻറിന്റെ നിർദ്ദേശമില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെക്കുറിച്ചൊന്നും ആലോചിച്ചിട്ടില്ല.

ശ്രീ. പി. വി. അവിരാത്തരകൻ : ഇതിനെ സംബന്ധിച്ചു് വർക്കിംഗ് ജേർണലിസ്റ്റുകളുടെ അസോസിയേഷനുമായി ആലോചിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

ശ്രീ. കെ. എം. ജാർജ്ജ് : അഞ്ചുകൊല്ലമെങ്കിലും പത്രപ്രവർത്തനം നടത്താത്തവരെ ഇതിൽ എടുക്കാതിരിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെപ്പറ്റിയും ആലോചിക്കാം.

ഷിഫ്റ്റ് സമ്പ്രദായം

* 668. [4] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയെ മറുപടി പറയുമോ :

(എ) ഏതെല്ലാം ക്ലാസ്സുകളിൽ ഇപ്പോൾ ഷിഫ്റ്റ് സമ്പ്രദായം നിലവിലുണ്ടു്;

(ബി) ഇതു നിർത്തലാക്കണമെന്നു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) പത്തു് ഡബിൾഷിഫ്റ്റ് അനുസരിച്ചു് ആണ്ടിൽ 200 ദിവസം ജോലിനോക്കുന്ന അദ്ധ്യാപകർക്കു് ശമ്പളത്തിന്റെ 50 ശതമാനം ഷിഫ്റ്റ് അലവൻസു് നൽകണമെന്നു് പ്രൈമറിസ്കൂൾ ടീച്ചേഴ്സ് അസോസിയേഷനിൽനിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ഡി) അതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ)

(എ) ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ.

(ബി) ഈ സമ്പ്രദായം നിർത്തലാക്കണമെന്നു ഉദ്ദേശിക്കുന്നില്ല.

(സി) ഉണ്ടു്.

(ഡി) അതു ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly